പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

എസിഡി.എസ്‌പിസി(1)/269941/2022/എച്ച്.എസ്.ഇ തീയതി: 21/03/2023

# സർക്കുലർ

വിഷയം: **2023-24 അധ്യയന വർഷത്തേക്കുള്ള ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻ്റന്റിങ് ആരംഭിക്കുന്നത് - സംബന്ധിച്ച്.**

**സൂചന: 14/03/2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.**

സൂചന സർക്കുലർ പ്രകാരം 2023-24 അധ്യയന വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻ്റന്റിങ് 14/03/2023 മുതൽ 20/03/2023 ന് വൈകിട്ട് മൂന്നു മണിക്കുമുൻപായി നൽകേണ്ടതാണ് എന്ന് എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾമാരെയും അറിയിച്ചിരുന്നു. എന്നാൽ സമയപരിധിയ്ക്ക് ശേഷവും പല സ്കൂൾ പ്രിൻസിപ്പാൾമാരും ഇൻ്റന്റ് സമർപ്പിച്ചിട്ടില്ലാ എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇൻ്റന്റിഗ് നടത്താൻ കഴിഞ്ഞിട്ടില്ലെന്നും തീയതി നീട്ടിനൽകണമെന്നും പ്രിൻസിപ്പൽമാരും ജില്ലാ കോർഡിനേറ്റർമാരും ഇ-മെയിലിലൂടെയും അല്ലാതെയും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സി-ആപ്റ്റ് എം.ഡി.യുമായി സംസാരിച്ചപ്പോൾ പാഠ പുസ്തക അച്ചടി തുടങ്ങാൻ ഇനിയും വൈകുന്നത് പ്രതിസന്ധിയുണ്ടാക്കുമെന്നദ്ദേഹം വ്യക്തമാക്കുകയുണ്ടായി.ആയതിനാൽ പുസ്തകങ്ങളുടെ ഇൻ്റന്റിങ് സമയബന്ധിതമായി ലഭ്യമാക്കേണ്ടതുണ്ട്. നിലവിലെ ആവശ്യകത പരിഗണിച്ച് **ഇൻ്റന്റിങ് സമർപ്പിക്കുന്നതിന് 25/03/2023 വൈകിട്ട് 5 മണിവരെ സമയപരിധി നീട്ടി നൽകിയിരിക്കുന്നതായി അറിയിക്കുന്നു**. സമയബന്ധിതമായി നൽകേണ്ട പാഠപുസ്തകങ്ങളുടെ വിതരണത്തെ ഗുരുതരമായി ബാധിക്കാതിരിക്കാൻ ഇൻ്റന്റിങ് സമയപരിധിക്കുള്ളിൽ നൽകേണ്ടത് എല്ലാ പ്രിൻസിപ്പാൾമാരുടെയും ചുമതലയാണെന്ന കാര്യം അറിയിക്കുന്നു. ഇത് സംബന്ധമായി സർക്കാർ റിപ്പോർട്ട്തേടുന്ന സാഹചര്യമുണ്ടായാൽ ഇൻ്റന്റ് നൽകാത്ത സ്കൂളുകളുടെ വിവരങ്ങൾ അറിയിക്കുന്നതാണ്.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

പകർപ്പ്:-

സി.ഇ.ഒ, കൈറ്റ്.
ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ